# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 810

30.06..2015 – ൽ മറുപടിയ്ക്ക്

## പേരയം സർക്കാർ ആയുർവേദ ആശുപത്രിക്ക് കെട്ടിടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻനായർ | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ പേരയം സർക്കാർ ആയുർവേദ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കണമെന്ന പ്രൊപ്പോസൽ നിലവിലുണ്ടോ ; എന്നാണ് ഈ പ്രൊപ്പോസൽ സമർപ്പിക്കപ്പെട്ടത് എന്നറിയിക്കാമോ ; | (എ) | ഉണ്ട്. 3.9.2014 ൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | എന്തുകൊണ്ടാണ് ഈ പ്രൊപ്പോസലിന് അംഗീകാരം നൽകാത്തതെന്ന് വിശദമാക്കുമോ; | (ബി), (സി) & (ഡി) | വാമനപുരം നിയോജകമണ്ഡലത്തിലെ പേരയത്ത് എൻ .ആർ.എച്ച്.എം ന് കീഴിലുള്ള താല്കാലിക ആയുർവേദ ഡിസ്പെൻസറിയാണ് പ്രവർത്തിക്കുന്നത് . താല്കാലിക ഡിസ്പെൻസറികൾക്ക് കെട്ടിടം നിർമ്മിക്കേണ്ട ആവശ്യകത സംബന്ധിച്ച് ധനകാര്യ വകുപ്പ് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. |
| (സി) | നിസ്സാരമായ സാങ്കേതിക പ്രശ്നങ്ങൾ ചൂണ്ടികാട്ടി വളരെ പിന്നോക്കം നിൽക്കുന്ന ഗ്രാമങ്ങളിലെ പാവപ്പെട്ട ജനങ്ങളുടെ ഏക ആശ്രയമായ ഇത്തരം ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തടസ്സം നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; | | |
| (ഡി) | പേരയം ആയുർവേദ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ